പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3145.

15.02.2013 ൽ മറുപടിക്ക്

<u>മണ്ണെണ്ണയുടെ വിലവർദ്ധന</u>

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റേഷൻ മണ്ണെണ്ണയുടെ വില എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു എന്നറിയിക്കാമോ; ആകെ എത്ര തുക വർദ്ധിപ്പിച്ചു ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഉണ്ടായ മണ്ണെണ്ണയുടെ വിലവർദ്ധനവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| വില വർദ്ധനവ് വന്ന തീയതി | വർദ്ധനവിന് മുമ്പുള്ള വിൽപ്പന വില | വർദ്ധനവിന് ശേഷമുള്ള വിൽപ്പന വില |
|---|---|---|
| 25.06.2011 | 12.30 മുതൽ 12.70 വരെ | 14.50 മുതൽ 15 വരെ |
| 25.07.2012 | 14.50 മുതൽ 15 വരെ | 15.50 മുതൽ 16 വരെ |
| 01.01.2013 | 15.50 മുതൽ 16 വരെ | 16.50 മുതൽ 17 വരെ |

| | |
|---|---|
| (ബി) അവസാനമായി വർദ്ധിപ്പിച്ചത് എന്നായിരുന്നു; എത്ര തുകയാണ് വർദ്ധിപ്പിച്ചത് ; | (ബി) അവസാനമായി മണ്ണെണ്ണ വില വർദ്ധിപ്പിച്ചത് 01.01.2013 മുതലാണ്. സോൺ അടിസ്ഥാന ത്തിൽ ലിറ്ററിന് 16.50 മുതൽ 17 വരെയാണ് ഇപ്പോഴുള്ള വില. ഫലത്തിൽ ലിറ്ററിന് 1 രൂപയാണ് വർദ്ധിപ്പിച്ചത്. |
| (സി) സംസ്ഥാനത്ത് കർഷകർക്ക് മണ്ണെണ്ണ പെർമിറ്റ് നിലവിലുണ്ടോ; എത്ര അളവ് മണ്ണെണ്ണയാണ് നൽകുന്നത് ; | (സി) നിലവിലുണ്ട്.<br>ഒരു ഏക്കർ സ്ഥലത്തെ കൃഷിക്കാര്യത്തിന് 5 ലിറ്റർ എന്ന നിലയിലാണ് മണ്ണെണ്ണ അനുവദിച്ചു നൽകുന്നത്. |

| | | | |
|---|---|---|---|
| (ഡി) | റേഷൻ കാർഡുള്ള മറ്റ് വിഭാഗക്കാർക്ക് നിലവിൽ എത്ര മണ്ണെണ്ണയാണ് മാസം തോറും നൽകുന്നത് ? | (ഡി) | ഇലക്ട്രിഫൈഡ് റേഷൻ കാർഡുകൾക്ക് അതാതു മാസാദ്യം ഉള്ള നീക്കിയിരിപ്പ് സ്റ്റോക്കിന്റെയും, ഓരോ മാസവും വിതരണത്തിനു ലഭ്യമാകുന്ന സ്റ്റോക്കും പരിഗണിച്ച് അര ലിറ്റർ അല്ലെങ്കിൽ ഒരു ലിറ്റർ വീതവും നോൺ ഇലക്ട്രിഫൈഡ് റേഷൻ കാർഡുകൾക്ക് നാലു ലിറ്റർ വീതവുമാണ് പ്രതിമാസം മണ്ണെണ്ണ വിതരണം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ.